# കാസർകോട് നിന്നു നീര വിപണിയിലേക്ക്

തിരുവനന്തപുരം: കാസർകോട് നാളികേര ഉൽപാദക കമ്പനി നീരയുൽപാദനം ജൂലൈയിൽ ആരംഭിക്കും. നീര ആരോഗ്യപാനീയം, നീര പഞ്ചസാര, ചക്കര എന്നിവ വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ എം.പി ബേബി അറിയിച്ചു.

ഇതിനായി 6500 ചതുരശ്ര അടിയുള്ള പ്ലാന്റ്നിർമിക്കാൻ അരയേക്കർ സ്ഥലം വെള്ളരിക്കുണ്ടിൽ കമ്പനി കണ്ടെത്തി കഴിഞ്ഞു. മൂന്നരക്കോടി ചെലവു പ്രതീക്ഷിക്കുന്ന, പ്രതിദിനം 10,000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിന്റെ നിർമാണത്തോടുകൂടി നീരയുടെ പൂർണ തോതിലുള്ള സംസ്കരണം സാധ്യമാകും. ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത ചെത്തുതൊഴിലാളികൾ ബോർഡിന്റെ വാഴക്കുളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് പരിശീലനം നേടുന്നതോടെ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുതുടങ്ങും. നീര ചെത്താനുള്ള 1500 തെങ്ങുകൾ ഇതിനകം കണ്ടെത്തിയിട്ടുണ്ട്.

ചെത്തുതൊഴിലാളികളെ പരിശീലനത്തിനായി കിട്ടാത്തപക്ഷം കർഷകർതന്നെ നീര ടെക്നീഷ്യൻ പരിശീലനം നേടി തന്റെ കൃഷിയിടത്തിലെ തെങ്ങുചെത്തി നീരശേഖരിക്കുന്ന രീതി ആലോചനയിലുണ്ട്. കെ.എഫ്.സി യുടെ വായ്പയ്ക്കൊപ്പം കമ്പനിയുടെ കീഴിലുള്ള 238 ഉൽപാദക സംഘങ്ങളും ഓഹരിയെടുത്ത് നീര പ്ലാന്റിനും തുടർന്നുള്ള ഉൽപാദനത്തിനുമുള്ള തുക കണ്ടെത്തുമെന്നും അദ്ദേഹം അറിയിച്ചു.

ഗൾഫിൽ നിന്നുള്ള വൻകിട കമ്പനികളിൽ ഇതിനകം അന്വേഷണങ്ങൾ വന്നുകഴിഞ്ഞു. കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്ന് നഴ്സറികൾ നിലവിലുണ്ട്. കൂടാതെ ഭാവിയിലെ നീരയുടെ ഉൽപാദനം മുന്നിൽക്കണ്ട് കർഷകർക്കായി തെങ്ങിൻതൈകൾ എത്തിച്ചുകൊടുക്കും.